RCS/7701 /2020-FIN (2)

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം.30.11.2020

**സർക്കുലർ നമ്പർ. 78/2020**

വിഷയം : സഹകരണ വകുപ്പ് - ഫിനാൻസ് - സർക്കാർ/ എൻ.സി.ഡി.സി ധനസഹായങ്ങളുടെ കുടിശ്ശിക നിവാരണം - കളക്ഷൻ ഡ്രൈവ് - സംബന്ധിച്ച്

സർക്കാർ/ എൻ.സി.ഡി.സി പദ്ധതികൾ പ്രകാരം സംസ്ഥാനത്തെ സഹകരണ സംഘങ്ങൾക്ക് അനുവദിച്ചിട്ടുള്ള ധനസഹായങ്ങളുടെ കുടിശ്ശികകൾ ക്രമാതീതമായി വർദ്ധിച്ചുവരുന്ന സാഹചര്യമാണ് നിലവിലുള്ളത്. അക്കൗണ്ടന്റ് ജനറൽ വിവിധ കാലയളവുകളിൽ നടത്തിയ പരിശോധനാ റിപ്പോർട്ടുകളിൽ മേൽ വിഷയം പരാമർശിച്ചിട്ടുണ്ട്. കുടിശ്ശികകൾ പിരിച്ചെടുക്കാൻ സർക്കാരും നിരന്തരം ആവശ്യപ്പെടുന്നുണ്ട്. മേൽ സാഹചര്യത്തിൽ സർക്കാരിലേയ്ക്ക് കുടിശ്ശികയായിട്ടുള്ള തുകകൾ പിരിച്ചെടുക്കുന്നതിനായി **25.12.2020 മുതൽ 25.01.2021 വരെയുള്ള** കാലയളവിൽ കളക്ഷൻ ഡ്രൈവ് സംഘടിപ്പിച്ച് പരമാവധി തുക പിരിച്ചെടുക്കേണ്ടതാണ്. കളക്ഷൻ ഡ്രൈവ് നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. സർക്കാർ/ എൻ.സി.ഡി.സി പദ്ധതി പ്രകാരം സഹകരണ സംഘങ്ങൾക്ക് അനുവദിച്ചിട്ടുള്ള ധനസഹായങ്ങളിൽ കുടിശ്ശിക ആയ എല്ലാ തുകകളും, സംഘങ്ങളിൽ നിന്നും ലഭിക്കേണ്ട ആഡിറ്റ് ഫീസും കളക്ഷൻ ഡ്രൈവിൽ ഉൾപ്പെടുത്തി പിരിച്ചെടുക്കേണ്ടതാണ്. 24.12.2020 ലെ കുടിശ്ശികയിൽ നിന്നും റവന്യൂ റിക്കവറിയ്ക്ക് ശുപാർശ ചെയ്ത തുകകൾ ഒഴിവാക്കി കളക്ഷൻ ഡ്രൈവിനുള്ള ടാർജറ്റ് നിശ്ചയിക്കേണ്ടതാണ്.

2. കളക്ഷൻ ഡ്രൈവിന്റെ കാലയളവിൽ സംഘങ്ങൾ തിരിച്ചടയ്ക്കേണ്ട തുക (മുതൽ,പലിശ,പിഴപ്പലിശ) ശരിയായി കണക്കാക്കി ഡിമാന്റ് നോട്ടീസ് നൽകേണ്ടതാണ്. നിരന്തരം ആവശ്യപ്പെട്ടിട്ടും തുക തിരിച്ചടയ്ക്കാത്ത സംഘങ്ങളിൽ നിന്ന് തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. സർക്കാരിലേയ്ക്ക് കുടിശ്ശിക വരുത്തിയിട്ടുള്ള സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ ആഡിറ്റ് ചുമതല വഹിക്കുന്ന വിവിധ തസ്തികയിലുള്ള കൺകറന്റ് ആഡിറ്റർമാർ ടി സംഘങ്ങളിൽ നിന്നും തുക പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ ജനറൽ വിഭാഗത്തോടൊപ്പം ചേർന്ന് സ്വീകരിക്കേണ്ടതാണ്.

4. കളക്ഷൻ ഡ്രൈവിന്റെ പുരോഗതി റിപ്പോർട്ട് ഇതോടൊപ്പമുള്ള പ്രൊഫോർമ A, B, C എന്നിവയിൽ 05.02.2021 മുൻപായി ഈ ആഫീസിൽ ലഭ്യമാക്കേണ്ടതാണ്.

5. സർക്കാരിലേയ്ക്ക് ലഭിക്കേണ്ട തുകകൾ പിരിച്ചെടുക്കേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ആഡിറ്റ് വിഭാഗം ജനറൽ വിഭാഗവുമായി സഹകരിച്ച് പരമാവധി തുക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജോയന്റ് രജിസ്ട്രാർ(ജനറൽ) മാർ കളക്ഷൻ ഡ്രൈവിന്റെ പുരോഗതി രണ്ടാഴ്ചയിലൊരിക്കൽ നേരിട്ട് വിലയിരുത്തി, പരമാവധി തുകകൾ പിരിച്ചെടുക്കുന്നതിനും,

തുക തിരിച്ചടയ്ക്കാത്ത സംഘങ്ങൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

ഒപ്പ്
ഡോ.നരസിംഹുഗരി.റ്റി.എൽ.റെഡ്ഡി ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്

1.സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
2.ജോയിന്റ് രജിസ്ട്രാർ(ജനറൽ), എല്ലാ ജില്ലകളും
3. ജോയിന്റ് ഡയറക്ടർ(ആഡിറ്റ്), എല്ലാ ജില്ലകളും
4.എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും
(ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
5.എല്ലാ അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്) മാർക്കും
(ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) മുഖേന)
6.എഡിറ്റർ, സഹകരണ വീഥി
7.വെബ് സൈറ്റ്

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഫിൻ)

## Collection drive - Progress report

Proforma A

**District:**

| Sl No. | Item | | Dues as on 24.12.20 | Amount recommended for Revenue Recovery upto 24.12.20 | **Target** | Collection during the period (25.12.20 to 25.01.21) | Amount recommended for Revenue Recovery during the period (25.12.20 to 25.01.21) |
|---|---|---|---|---|---|---|---|
| 1 | 2 | | 3 | 4 | **5(3-4)** | 6 | 7 |
| 1 | Loans | Govt. | | | | | |
| | | NCDC | | | | | |
| 2 | Interest | Govt. | | | | | |
| | | NCDC | | | | | |
| 3 | Penal interest | Govt. | | | | | |
| | | NCDC | | | | | |
| 4 | Share capital | Govt. | | | | | |
| | | NCDC | | | | | |
| 5 | Penal interest | Govt. | | | | | |
| | | NCDC | | | | | |
| 6 | Dividend | Govt. | | | | | |
| | | NCDC | | | | | |
| 7 | Audit fee | | | | | | |
| 8 | KSR cost and LS&PC | | | | | | |
| | **TOTAL** | | | | | | |

## Proforma - B

Collection drive - Progress report

| Name of Co-operative Society | Details of collection | | | | | | |
|---|---|---|---|---|---|---|---|
| | Item (loan/Share/interest/penal interest/Dividend) | Scheme (Govt./NCDC) | Amount | Head of Account | Chelan No. | Date | Name of Treasury |
| | | | | | | | |
| | | | | | | | |
| | | | | | | | |
| TOTAL | | | | | | | |

## Proforma - C

**Audit fee collection**

(Head of account - 0425-101-99)

| Name of Co-operative Society | Amount | Chelan No | Date | Name of Treasury |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| TOTAL | | | | |